*Jagratha-048*

Vol-2,Issue-14
22-04 - 2008

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

**പ്രധാന വാർത്തകൾ**

01. കത്തോലിക്കാസഭയെ വിമർശിക്കുന്ന സുകുമാർ അഴീക്കോടും, തെറ്റിദ്ധാരണ പരത്തുന്ന ദേശാഭിമാനി പത്രവും : ഐക്യ-ജാഗ്രതാ കമ്മീഷൻ
02. മനുഷ്യജീവന് സേവനം ചെയ്യുക : കെ.സി.ബി.സി ഫാമിലി കമ്മീഷൻ
03. ഭക്ഷ്യപ്രശ്നം : അടിയന്തര നടപടി ആവശ്യം.

**01. കത്തോലിക്കാ സഭയെ വിമർശിക്കുന്ന സുകുമാർ അഴീക്കോടും, തെറ്റിദ്ധാരണ പരത്തുന്ന ദേശാഭിമാനി പത്രവും** : ഐക്യ-ജാഗ്രതാ കമ്മീഷൻ.

കഴിഞ്ഞ കുറച്ചു നാളുകളായി ബഹുമാന്യനായ സാംസ്കാരിക നേതാവ് സുകുമാർ അഴീക്കോട് ഏതു സ്റ്റേജിൽ കയറി പ്രസംഗിച്ചാലും ലേഖനമെഴുതിയാലും അത് കത്തോലിക്കാ സഭയേയും അതിന്റെ സ്ഥാപനങ്ങളേയും വിമർശിക്കുന്നതിനും അധിക്ഷേപിക്കുന്നതിനും വേണ്ടിയുള്ള വേദിയാക്കിമാറ്റുകയാണ്. ഒരുകാലത്ത് ആദരണീയനായിരുന്ന സുകുമാർ അഴീക്കോടിന് എന്താണ് സംഭവിച്ചിരിക്കുന്നതെന്ന് പലരും ഇന്ന് ചോദിക്കുന്നു. വാർദ്ധക്യസഹജമായ പ്രശ്നങ്ങളോ അതോ അദ്ദേഹം ഏതെങ്കിലും സംഘടനകളുടെ നിയന്ത്രണത്തിലാണോ? ദേശാഭിമാനി പത്രത്തിൽ വന്ന അദ്ദേഹത്തിന്റെ പല ലേഖനങ്ങളും പരിശോധിച്ചാൽ മനസ്സിലാകും മറ്റാർക്കോ വേണ്ടിയാണ് അദ്ദേഹം ഇതൊക്കെ എഴുതുകയും പറയുകയും ചെയ്യുന്നത് എന്ന്. 16-04-2008-ൽ ദേശാഭിമാനി പത്രത്തിൽ വന്ന അദ്ദേഹത്തിന്റെ ലേഖനം വായിച്ചാൽ ഈ വസ്തുത വ്യക്തമാകും. "വ്യത്യസ്തമായ ഒരു ക്രൈസ്തവ ശബ്ദം" എന്ന തലക്കെട്ടോടുകൂടി എഴുതിയ ലേഖനം കേരള കത്തോലിക്കാ സഭയേയും സ്ഥാപനങ്ങളേയും വളരെയധികം അധിക്ഷേപിക്കുന്ന രീതി സാംസ്കാരികാധഃപതനത്തെയാണ് സൂചിപ്പിക്കുന്നത്. കത്തോലിക്കാ സഭയിലെ വൈദീകരെ കച്ചവടക്കാരായും സഭയുടെ വിദ്യാഭ്യാസസ്ഥാപനങ്ങളെ വാണിജ്യസ്ഥാപനങ്ങളായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്.

കേരളത്തിന്റെ സാമൂഹിക ഉന്നമനത്തിനു വേണ്ടി ഏറ്റവുമധികം സംഭാവന നൽകിയ കത്തോലിക്കാ സഭയെ ഇത്രയും മോശമായി ചിത്രീകരിക്കുവാൻ സുകുമാർ അഴീക്കോടിന് എങ്ങനെ സാധിക്കുന്നുവെന്ന് തോന്നിപ്പോകും. കത്തോലിക്കാ സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളെ നിശിതമായി വിമർശിക്കുന്ന സുകുമാർ അഴീക്കോട് കേരളത്തിൽതന്നെയല്ലേ ജീവിക്കുന്നത്? ഒരു നുണ പല പ്രാവശ്യം പറഞ്ഞാൽ അത് സത്യമാവുകയില്ല. അതുപോലെ തന്നെ വളരെക്കാലം ജനത്തെ തെറ്റിദ്ധരിപ്പിക്കാനും സാധിക്കുകയില്ല. ക്രൈസ്തവ സഭയുടെ വിദ്യാഭ്യാസ- ജീവകാരുണ്യപ്രവർത്തനങ്ങളെ തെറ്റായ രീതിയിൽ പ്രചരിപ്പിക്കുന്ന ഒരു പത്രമാണ് ദേശാഭിമാനി പത്രം. സഭയെ സമൂഹത്തിനു മുമ്പിൽ തെറ്റായി അവതരിപ്പിക്കുവാനാണ് ദേശാഭിമാനി പത്രം എപ്പോഴും പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. നുണപ്രചരണങ്ങൾക്കെതിരെ സഭാമക്കൾ ജാഗ്രത പാലിക്കണം.

സഭയുടെ വിദ്യാഭ്യാസ മേഖല കച്ചവടസ്ഥാപനങ്ങളല്ല, അത് സമൂഹത്തിലെ ആളുകളുടെ ഉന്നമനത്തിനു വേണ്ടി നൂറ്റാണ്ടുകളായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതാണ്. സഭയുടെ സാമൂഹിക പ്രതിബദ്ധതയെ ചോദ്യം ചെയ്യുവാൻ ഇന്ന് കേരളത്തിലെ ഒരു വ്യക്തിക്കോ സംഘടനകൾക്കോ സാധ്യമല്ല. സഭയുടെ സാമൂഹിക പ്രതിബദ്ധത തെളിയിക്കുവാൻ നമുക്കാരുടേയും സർട്ടിഫിക്കറ്റിന്റെയും ആവശ്യമില്ല. സഭയുടെ ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനാധികാരികളെ കച്ചവടക്കാരെന്ന് വിളിച്ചതുകൊണ്ടോ വിദ്യാഭ്യാസ സ്ഥാപനങ്ങളെ വാണിജ്യ സ്ഥാപനങ്ങളായ് ചിത്രീകരിച്ചതു കൊണ്ടോ രാഷ്ട്രീയ സംഘടനകളെ വിട്ട് സ്ഥാപനങ്ങൾ അടിച്ചുടച്ചതു കൊണ്ടോ, ചരിത്രം വളച്ചൊടിച്ചതുകൊണ്ടോ സഭാ മക്കളുടെ മനോവീര്യം നശിച്ചു പോകുകയില്ല. ഏത് അക്രമത്തെയും നുണ പ്രചരണങ്ങളെയും അതിജീവിക്കുന്നതിന് ക്രൈസ്തവ സഭയ്ക്ക് സാധിക്കും.

**02. മനുഷ്യജീവന് സേവനം ചെയ്യുക : കെ.സി.ബി.സി. ഫാമിലി കമ്മീഷൻ**

കെ.സി.ബി.സി. ഫാമിലി കമ്മീഷൻ 2007 മാർച്ച് 25 മുതൽ 2008 മാർച്ച് 25 വരെ ജീവന്റെ സമഗ്രപോഷണ വർഷമായി ആചരിക്കുകയായിരുന്നല്ലോ. മനുഷ്യജീവന്റെ മഹത്ത്വം, ജീവൻ നേരിടുന്ന വെല്ലുവിളികൾ, അവയ്ക്കുള്ള പരിഹാരങ്ങൾ എന്നിവയെക്കുറിച്ചെല്ലാം ചിന്തിക്കുന്നതിനും പുതിയൊരവബോധം ആർജ്ജിക്കുന്നതിനും ഈ ആചരണം സഹായിച്ചിട്ടുണ്ട്. അണു കുടുംബങ്ങളാണ് ഇന്ന് പൊതുവിലുള്ളത്. ഒന്നോ ഏറിയാൽ രണ്ടോ കുഞ്ഞുങ്ങളുള്ള കുടുംബങ്ങളായി നമ്മുടെ കുടുംബങ്ങൾ ചുരുങ്ങുകയാണ്. ജനനനിരക്കും മരണനിരക്കും ഒന്നുപോലെ കുറയുന്നു. അതുകൊണ്ട് സമീപഭാവിയിൽ വൃദ്ധരുടെ സംഖ്യ കുട്ടികളുടെതിനെ അതിശയിക്കുമെന്നാണ് പഠനങ്ങൾ കാണിക്കുന്നത്. അതിന്റെ പരിണതഫലങ്ങളെക്കുറിച്ച് നാം അവബോധം നേടണം. പ്രായം ചെന്നവർ അവഗണിക്കപ്പെടും എന്നതാണ് അതിന്റെ ഏറ്റവും വലിയ ദുരന്തം.

മക്കൾക്ക് ഭൗതികമായ സുഖസൗകര്യങ്ങൾ ഉറപ്പാക്കുന്നതിൽ മാതാപിതാക്കൾ പൊതുവേ ഇന്ന് ദത്ത്ശദ്ധരാണ്. കുട്ടികൾ അമിതമായി ലാളിക്കപ്പെടുന്നു. അവർ ആവശ്യപ്പെടുന്നതൊന്നും അവർക്ക് നിഷേധിക്കുന്നില്ല. അതവർക്ക് ആവശ്യമാണോ ഉപകാരപ്രദമാണോ എന്നൊന്നും നോക്കുന്നില്ലെന്നതാണ് കഷ്ടം. സ്വാർത്ഥതയും പങ്കുവയ്ക്കാനുള്ള മനഃസ്ഥിതി ഇല്ലായ്മയും കുട്ടികളിൽ വളരുന്നതിനത് കാരണമാകുന്നുണ്ട്. മക്കളെക്കുറിച്ചുള്ള മാതാപിതാക്കളുടെ പ്രതീക്ഷയും അമിതമാകുന്നില്ലേ എന്നു ചിന്തിക്കണം. തത്ഫലമായി മാതാപിതാക്കൾക്കനുഭവപ്പെടുന്ന നിരാശ വർണനാതീതമാണ്. കുട്ടികളിലാകട്ടെ, ആത്മഹത്യാപ്രവണതയും ഒളിച്ചോട്ടവും മാനസികാസ്വസ്ഥതയും ശ്രദ്ധയില്ലായ്മയും എതിർപ്പും അക്രമവാസനയും ഒക്കെ വളരുകയും ചെയ്യുന്നു. മനുഷ്യപ്രജനനത്തിൽ ദൈവികപദ്ധതിയുടെ പൂർത്തീകരണത്തിനായിരിക്കണം ദമ്പതികൾ ശ്രദ്ധിക്കേണ്ടത്. മഹാനായ ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ വാക്കുകൾ പ്രകൃതത്തിൽ സ്മരണീയമാണ്: "മാതാപിതാക്കളുടെ ആഗ്രഹം ദൈവത്തിന്റെ ആഗ്രഹത്തിന് അനുഗുണമായിരിക്കുക അത്യന്താപേക്ഷിതമാണ്. പുതിയ മനുഷ്യജീവിയെ അവർ ആഗ്രഹിക്കുന്നത് സ്രഷ്ടാവ് ആഗ്രഹിക്കുന്ന വിധത്തിൽത്തന്നെയായിരിക്കണം. അതായത്, അവനുവേണ്ടിത്തന്നെയായിരിക്കണം. മാനുഷികമായ നമ്മുടെ ഇച്ഛാശക്തി എപ്പോഴും അനിവാര്യമായി സമയത്തിന്റെയും പരിവർത്തനത്തിന്റെയും നിയമത്തിനു വിധേയമായിരിക്കും. ദൈവികമായ ഇച്ഛാശക്തിയാകട്ടെ, ശാശ്വതമാണ്" (കുടുംബങ്ങൾക്കൊരു കത്ത്, 9). മാതാപിതാക്കൾ മക്കളെ തങ്ങളുടെ നേട്ടത്തിനും ശക്തിയ്ക്കും പേരിനും പ്രശസ്തിക്കും ഉള്ള ഉപകരണങ്ങളായി പരിഗണിക്കാൻ പാടില്ലെന്ന് ഇതു നമ്മെ പഠിപ്പിക്കുന്നു.

കുഞ്ഞുങ്ങൾ എത്രയെന്ന് തീരുമാനിക്കുന്നത് ദമ്പതികളുടെ മാനുഷിക-ക്രൈസ്തവഉത്തരവാദിത്വത്തിൽപ്പെടുന്നു. ഔദാര്യത്തോടെയും നിത്യജീവന്റെ വീക്ഷണത്തിലും ക്രിസ്തുവിൽ പ്രകാശിതമായ ത്യാഗപൂർണമായ സ്നേഹത്തിലും വസ്തുനിഷ്ഠമായ ധാർമ്മികനിയമത്തോടുള്ള അനുസരണത്തിലും ദമ്പതികൾ ഇരുവരും ഒന്നിച്ച് എടുക്കേണ്ട ഒരു തീരുമാനമാണിത്. ഒരാൾക്ക് മറ്റൊരാളുടെമേൽ ഇത് അടിച്ചേല്പിക്കാനാവില്ല. ശരിയായി രൂപീകരിച്ച മനസ്സാക്ഷിയുടെ വിധിത്തീർപ്പ് ഇവിടെ ആവശ്യവുമാണ്. ക്രിസ്തീയദമ്പതികൾ ഇങ്ങനെ സന്താനോത്പാദനകൃത്യം നിർവഹിക്കുമ്പോൾ സ്രഷ്ടാവിനെ മഹത്ത്വപ്പെടുത്തുകയും ക്രിസ്തുവിൽ പരിപൂർണരാകാൻ പരിശ്രമിക്കുകയുമാണ് ചെയ്യുന്നത്. അങ്ങനെ ദൈവദത്തമായ തങ്ങളുടെ കൃത്യം നിർവഹിക്കുന്ന ദമ്പതിമാരിൽവച്ച് പ്രത്യേകവിധം അനുസ്മരിക്കപ്പെടേണ്ടവർ ബുദ്ധിപൂർവകവും പൊതുവുമായ പരിചിന്തനങ്ങൾക്കുശേഷം ഔദാര്യപൂർവം കൂടുതൽ സന്താനങ്ങളെ ജനിപ്പിച്ച് ഉചിതമായി വളർത്തിക്കൊണ്ടുവരാൻ തയ്യാറാകുന്നവരാണെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുകയുണ്ടായി (cf. സഭ ആധുനിക ലോകത്തിൽ, 48, 50).

കുഞ്ഞുങ്ങളെ ജനിപ്പിക്കുന്നതിൽ പരിഗണിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ചു കൗൺസിൽ വ്യക്തമായി പറയുന്നുണ്ട്: "തങ്ങളുടെ തന്നെയും തങ്ങൾക്കു ജനിച്ചിട്ടുള്ളവരും ജനിക്കാനിരിക്കുന്നവരുമായ മക്കളുടെയും നന്മയെ അവർ കണക്കിലെടുക്കണം. കൂടാതെ, തങ്ങളുടെ കാലത്തിന്റെയും പരിതോവസ്ഥകളുടെയും ഭൗതികവും ആധ്യാത്മികവുമായ സാഹചര്യങ്ങളെയും ശ്രദ്ധാപൂർവം പരിഗണിക്കണം. അവസാനമായി കുടുംബത്തിന്റെയും രാഷ്ട്രത്തിന്റെയും തിരുസ്സഭയുടെയും താത്പര്യങ്ങളെയും സംരക്ഷിക്കണം" (സഭ ആധുനികലോകത്തിൽ, 50). കുഞ്ഞുങ്ങളുടെ പ്രജനനം എത്ര ഗൗരവപൂർവം ദമ്പതികൾ പരിഗണിക്കേണ്ട കാര്യമാണെന്ന് ഈ വാക്കുകൾ വെളിപ്പെടുത്തുന്നുണ്ട്. ലാഘവബുദ്ധിയോ സ്വാർത്ഥതയോ ഉണ്ടാകാൻ പാടില്ലാത്ത ഒരു കാര്യമാണിത്.

ക്രിസ്തുവിന് സഭയോടുള്ള അർപ്പണപരമായ സ്നേഹത്തിൽ പങ്കുചേരുന്ന ദമ്പതികൾ ആ സ്നേഹത്തിനാണ് തങ്ങളുടെ ജീവിതത്തിൽ സ്ഥാനം നൽകേണ്ടത്. സഭയുടെ ഫലദായകത്വ സ്നേഹത്തിന് ദമ്പതികൾ സാക്ഷികളാകണം (സഭ ആധുനികലോകത്തിൽ, 48).

എല്ലാവരും ഒന്നോ രണ്ടോ കുഞ്ഞുങ്ങൾ എന്ന് തീരുമാനിക്കുന്നതിലെ തെറ്റ് ഇവിടെയാണ് വ്യക്തമാകുന്നത്. ജനനക്രമീകരണം കുഞ്ഞുങ്ങളെ കുറയ്ക്കുന്ന പ്രവർത്തനമാണെന്ന ചിന്തയ്ക്ക് മാറ്റമുണ്ടാകണം. ചെറിയ കുടുംബം സന്തുഷ്ടകുടുംബമെന്ന പരസ്യത്തിലെ കാപട്യം ഇന്ന് പൊതുവേ എല്ലാവർക്കും അനുഭവവേദ്യമായിട്ടുണ്ടല്ലോ. യൂറോപ്യൻ രാജ്യങ്ങൾ തങ്ങളുടെ തെറ്റ് മനസ്സിലാക്കി തിരുത്താൻ തുടങ്ങിയിരിക്കുന്നു. കൂടുതൽ കുട്ടികളെ ജനിപ്പിക്കുന്നവർക്ക് പ്രോത്സാഹനം നൽകാൻ അവർ തയ്യാറാകുന്നു. മാനവശേഷിയാണ് നമ്മുടെ രാജ്യത്തിന്റെ ശക്തിയെന്ന തിരിച്ചറിവ് നമ്മുടെ ഭരണാധികാരികളും ധനതത്വശാസ്ത്രജ്ഞന്മാരും തുറന്നു സമ്മതിക്കാൻ തുടങ്ങിയിട്ടുള്ളതും സ്തുത്യർഹമാണ്. കൂടുതൽ കുട്ടികൾ അനുഗ്രഹമാണെന്ന് ചിന്തിക്കുന്ന യുവദമ്പതികളും ആ ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഗ്രൂപ്പുകളും രൂപംകൊള്ളുന്നത് ശുഭോദർക്കവുമാണ്. വലിയ കുടുംബങ്ങൾക്ക് ആവശ്യമായ പ്രോത്സാഹനവും സഹായവും ചെയ്തുകൊടുക്കുവാൻ നമ്മുടെ സമൂഹം മുന്നോട്ടുവരുക തന്നെ വേണം. വ്യക്തിത്വവികസനവും പങ്കുവയ്ക്കലും ഔദാര്യവും കരുതലും സാഹോദര്യവും ഒക്കെ കുട്ടികളിൽ വളരുന്നതിന് വലിയ കുടുംബങ്ങൾ സഹായകങ്ങളാണ്. പ്രാർത്ഥനാപൂർവം തങ്ങളുടെ ഈ ദൗത്യം നിർവഹിക്കാൻ ദമ്പതികൾ തയ്യാറാവുകയാണ് ഇന്നത്തെ ആവശ്യം.

കൂടാതെ, കുട്ടികളുടെ പരിശീലനവുമായി ബന്ധപ്പെട്ട എല്ലാകാര്യങ്ങളിലും നമ്മുടെ ശ്രദ്ധ ഉണ്ടാകണം. മക്കളുടെ വിദ്യാഭ്യാസത്തിലും ജീവിതാന്തസ്സ് തിരഞ്ഞടുക്കുന്നതിലും അവരെ സഹായിക്കുക എന്നത് മാതാപിതാക്കളുടെ വലിയ കടമയാണ്. ജീവിതാന്തസ്സ് തിരഞ്ഞെടുക്കാൻ മക്കൾ ഒരുക്കപ്പെടണം. വിവാഹത്തിന് മുമ്പ് നടത്തേണ്ട ഒരുക്കത്തെക്കുറിച്ച് സഭ പ്രത്യേകം പഠിപ്പിക്കുന്നുണ്ട് (കുടുംബം സ്നേഹസമൂഹം, 66-67). അതിൽ അകന്ന തയ്യാറെടുപ്പും ഉൾക്കൊള്ളുന്നു. പണത്തിന് അമിത പ്രാധാന്യം കൊടുക്കുന്ന ഒരു പ്രവണത നമ്മുടെ ഇടയിൽ ഇന്ന് പ്രബലപ്പെടുന്നുണ്ട്. വിദ്യാഭ്യാസവും തൊഴിലും പണസമ്പാദനത്തിനുള്ള മാർഗം മാത്രമായി ചുരുങ്ങുന്നു. നഴ്സിംഗ്, ഐ.റ്റി. എഞ്ചിനിയറിംഗ് രംഗങ്ങൾക്ക് അമിതപ്രാധാന്യം നൽകപ്പെടുന്നു. കുട്ടികളുടെ അഭിരുചിയോ സമൂഹത്തിന്റെയും സമുദായത്തിന്റെയും വിശാലമായ നന്മയോ വേണ്ടത്ര പരിഗണിക്കാതെ വരുന്നുണ്ട്. പഠനത്തിനും തൊഴിലിനും പുറത്തേക്കു പോകുമ്പോൾ യഥാർത്ഥബോധ്യങ്ങളും മൂല്യങ്ങളും അടിയുറയ്ക്കാത്തതിന്റെ ഫലമായി നമ്മുടെ യുവജനങ്ങളിൽ മിശ്രവിവാഹങ്ങളും, വിശ്വാസം ത്യജിക്കലും, സുഖലോലുപതയും സ്വാർത്ഥതയും ലൈംഗികാരാജകത്വവും മദ്യമയക്കുമരുന്നുകൾക്ക് അടിമത്തവും ഒക്കെ സംഭവിക്കുന്നതായി കാണുന്നു. ഇവ ദൈനംദിനം വർദ്ധിക്കുന്നതായിട്ടാണ് റിപ്പോർട്ട്. വി. ഗ്രന്ഥം പറയുന്നത് എത്രയോ ശരിയാണ്! ധനവാനാകാൻ അഗ്രഹിക്കുന്നവൻ പ്രലോദനത്തിലും കെണിയിലും നാശത്തിലും വ്യാമോഹത്തിലും ചെന്നവസാനിക്കും. കാരണം, ധനമോഹം എല്ലാ തിന്മകളുടേയും അടിസ്ഥാനമാണ്. വിശ്വാസത്തിൽനിന്ന് വ്യതിചലിക്കുന്നതിനും ഒട്ടനവധി വ്യഥകളാൽ മുറിവേൽക്കപ്പെടുന്നതിനും അതു കാരണമാകും (Cf. 1 തിമോ. 6:9-10).

ഈ പശ്ചാത്തലത്തിൽ, മാതാപിതാക്കന്മാർക്ക് സഹായകമെന്ന നിലയിൽ, നമ്മുടെ എല്ലാ കുമാരീകുമാരന്മാർക്കുമായി +2 പാസ്സാകുന്നതിനുമുൻപ് രണ്ടു ദിവസം നീണ്ടുനിൽക്കുന്ന ഒരുജീവിത ദർശനക്യാമ്പ് തീവ്രപരിശീലനപരിപാടിയായി നടത്തണമെന്ന് ഫാമിലി കമ്മീഷൻ ജനറൽ ബോഡി നിർദ്ദേശിക്കുകയുണ്ടായി. പല രൂപതകളിലും ഇപ്പോൾത്തന്നെ അത് നിലവിലുണ്ട്. കത്തോലിക്കാവിശ്വാസത്തിന്റെ അടിസ്ഥാനങ്ങൾ, ജീവിതദർശനം, കരിയർ, വിദ്യാഭ്യാസം, തൊഴിൽ, ജീവിതാന്തസ്സുകൾ, സമഗ്രമായ വ്യക്തിത്വവികസനം, ജീവിതമര്യാദകൾ, ലൈംഗികതയുടെ അർത്ഥലക്ഷ്യങ്ങൾ, കൗമാരത്തിന്റെ വെല്ലുവിളികൾ എന്നിവയെല്ലാം ആഴത്തിൽ അവതരിപ്പിക്കുന്ന ഒരു കോഴ്സ് ആയിട്ടാണ് ഇത് വിഭാവനം ചെയ്തിരിക്കുന്നത്. ഫാമിലി അപ്പോസ്റ്റലേറ്റിന് മറ്റു പ്രസ്ഥാനങ്ങളുമായി, പ്രത്യേകിച്ച് വിശ്വാസപരിശീലനം, യൂത്ത് അപ്പോസ്റ്റലേറ്റ്, മിഷൻ ലീഗ്, വൊക്കേഷൻ ബ്യൂറോ തുടങ്ങിയവയുമായി, സഹകരിച്ച് ഈ പരിപാടി സംഘടിപ്പിക്കാവുന്നതാണ്. +2 കഴിഞ്ഞ് ഉപരിപഠനത്തിനായി പോകുന്നവർക്ക് വ്യക്തമായ ലക്ഷ്യബോധവും മാർഗനിർദ്ദേശവും നൽകാൻ ഉദ്ദേശിക്കുന്ന ഈ പഠനപദ്ധതിയുടെ സിലബസ് ഒരു വിദഗ്ധ കമ്മറ്റി തയ്യാറാക്കിയിട്ടുണ്ട്. വെള്ളിയാഴ്ച വൈകുന്നേരം തുടങ്ങി ഞായറാഴ്ച വൈകുന്നേരം അവസാനിക്കത്തക്ക രീതിയിലാണ് കോഴ്സ് ക്രമീകരിച്ചിരിക്കുന്നത്. നമ്മുടെ ഭാവിതലമുറകളെ മുന്നിൽകണ്ടുകൊണ്ടുള്ള ഈ പ്രവർത്തനത്തിന് എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

02. **ഭക്ഷ്യപ്രശ്നം : അടിയന്തിര നടപടി ആവശ്യം** (മാതൃഭൂമി 16-04-2008)

ലോകത്തിന്റെ പല ഭാഗങ്ങളിലും കലാപങ്ങൾക്കും ഭരണമാറ്റങ്ങൾക്കും വഴിയൊരുക്കികൊണ്ട് ഭക്ഷ്യവസ്തുക്കളുടെ ദൗർലഭ്യത്തിന്റെയും വിലക്കയറ്റത്തിന്റെയും ഭയാനകമായ പ്രത്യാഘാതങ്ങൾ അനുഭവപ്പെട്ടുതുടങ്ങിരിക്കുകയാണ്. ഹെയ്തിയിൽ പ്രധാനമന്ത്രി ഷാക് എഡ്വേർഡ് അലക്സിസിനെ അവിശ്വാസ പ്രമേയത്തിലൂടെ പുറത്താക്കിയതും ഈജിപ്ത്, കാമറൂൺ, ബുർകിനോഫാസോ, സെനഗൽ,ബംഗ്ലാദേശ്,എന്നീ രാജ്യങ്ങളിൽ കലാപം പൊട്ടിപ്പുറപ്പെട്ടതും ഭക്ഷ്യപ്രതിസന്ധിയുടെ പശ്ചാത്തലത്തിലാണ്. ഭക്ഷ്യ ധാന്യ വിലക്കയറ്റം ഈ തോതിൽ തുടർന്നാൽ പട്ടിണിയുംലഹളകളും ഇനിയും വ്യാപകമാകുമെന്നാണ് അന്താരാഷ്ട്ര നാണയനിധി തലവൻ മൊനിക് സ്ട്രോഡ്കാൻ നൽകുന്ന മുന്നറിയിപ്പ്. ദരിദ്ര രാജ്യങ്ങളുടെ രാഷ്ട്രീയ സ്ഥിരതയെത്തന്നെ ബാധിച്ചിരിക്കുകയാണ് പ്രശ്നമെന്ന് ലോകബാങ്ക് തലവൻ റോബർട്ട് സോളിക് ചൂണ്ടിക്കാട്ടുന്നു. വാഷിങ്ടണിൽ കഴിഞ്ഞ ദിവസങ്ങളിൽ നടന്ന 24 രാജ്യങ്ങളിലെ ധനമന്ത്രിമാരുടെ സമ്മേളനം ലോകഭക്ഷ്യസ്ഥിതിയെക്കുറിച്ച് തികച്ചും ആശങ്കാ ജനകമായ വിലയിരുത്തലാണ് നടത്തിയിട്ടുള്ളത്. കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ ഗോതമ്പിന്റെ വിലയിൽ 181 ശതമാനം വർധന ഉണ്ടായിട്ടുണ്ടെന്നാണ് ലോകബാങ്കിന്റെ വിലയിരുത്തൽ. ഈ കാലയളവിൽ ആഗോള ഭക്ഷ്യ വിലയിലുണ്ടായ വർധന 83 ശതമാനമാണ്. അതേ സമയം ആഗോളതലത്തിൽ ആകെ സ്റ്റോക്കുള്ളത് ലോകജനതയെ രണ്ടോ മൂന്നോ മാസത്തേക്ക് മാത്രം തീറ്റിപ്പോറ്റാൻ ആവശ്യമായ ഭക്ഷ്യധാന്യങ്ങളാണെന്ന് ഐക്യരാഷ്ട്ര ഭക്ഷ്യ - കൃഷി സംഘടനാ ഡയറക്ടർ ജനറൽ ജാക്വിസ് ഡിയൂഫ് പറയുന്നു.

ഇതിനിടെ കൃഷിയോടും കാർഷികാവശ്യങ്ങളോടുംഅടുത്ത കാലത്തായി അധികൃതർ പുലർത്തി വന്നിരുന്ന നിഷേധാത്മക സമീപനങ്ങുടെ ഫലമായി ഉടലെടുത്തതാണ് ഈ ദുരവസ്ഥ എന്ന തിരിച്ചറിവ് ആഗോളീകരണത്തിന്റെയും വ്യവസായവത്കരണത്തിന്റെയും വക്താക്കൾക്ക് ഉണ്ടായിതുടങ്ങിയിട്ടുണ്ടെന്നുള്ളത് ശുഭോതർക്കമാണ്. ഇന്ത്യയെ സംമ്പന്ധിച്ചിടത്തോളം കൃഷി വെറുമൊരു ഭക്ഷ്യോത്പാദനോപാധി അല്ലെന്നും മൂന്നിൽ രണ്ടു ഭാഗം ജനതയുടെ ജീവസന്ധാരണ സുരക്ഷാ സംവിധാനത്തിന്റെ നട്ടെല്ല് തന്നെയാണതെന്നുമുള്ള പ്രധാനമന്ത്രി മൻമോഹൻ സിങ്ങിന്റെ, ആഗോള കാർഷിക - വ്യവസായ ഫോറത്തിലെ പ്രസ്താവനയെ നല്ലൊരു സൂചനയായി കണക്കാക്കാമെന്ന് തോന്നുന്നു. കൃഷി ഉപേക്ഷിച്ച് ഭൂമി വിൽക്കുന്ന പ്രവണത വിനാശകരമായ സാമൂഹിക പ്രത്യാഘാതങ്ങൾക്കിടയാക്കുംവിധം 50 കോടി ഭൂരഹിതരെക്കൂടി സൃഷ്ടിക്കുന്നതിലേ കലാശിക്കൂ എന്ന അദ്ദേഹത്തിന്റെ നിരീക്ഷണം ഇവിടെ കൃഷി ഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനെ പ്രോത്സാഹിപ്പിക്കുന്നവരുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്. ഏപ്രിൽ ഒന്നിലെ കണക്കനുസരിച്ച് ഇന്ത്യയിലാകെ സ്റ്റോക്കുള്ളത് 58 ലക്ഷം ടൺ ഗോതമ്പു മാത്രമാണ്. 110 കോടി ജനസംഖ്യയുള്ള ഈ രാജ്യത്ത് മൂന്നു കോടിപേർക്ക് ഒരു കൊല്ലത്തേക്ക് മാത്രം തികയുന്നതാണിത്. അതേസമയം ചെറിയ കാർഷിക മാനേജ്മെന്റ് വിപ്ലവങ്ങൾ നടന്ന ചൈന, ജപ്പാൻ, ദക്ഷിണകൊറിയ എന്നിവിടങ്ങളിൽ ഭക്ഷ്യ സുരക്ഷയ്ക്കൊപ്പം തൊഴിൽ, വരുമാന രംഗങ്ങളിലെ സുരക്ഷ കൂടി ഉറപ്പായ ചരിത്രമാണുള്ളത്.

ഇന്ത്യയെപോലുള്ള രാജ്യങ്ങൾ അത്തരം പരീക്ഷണങ്ങൾക്ക് മുതിരാൻ ഇനിയും അമാന്തിക്കരുതെന്ന പ്രമുഖ കാർഷിക ശാസ്ത്രജ്ഞനായ ഡോ. എം.എസ് സോമിനാഥന്റെ ഉപദേശം സ്വീകരിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു എന്നതാണ് ഇപ്പോഴത്തെ വിലക്കയറ്റപ്രശ്നം നൽകുന്ന പാഠം. സാങ്കേതിക ജ്ഞാനവും പൊതുനയങ്ങളും സേവനമേഖലയും പരസ്പര പൂരകമായി വർത്തിക്കുന്ന ഒരു ഉത്പാദനക്ഷമതാ വിപ്ലവമാണ് പഴയ ഹരിതവിപ്ലവത്തിന്റെ ഉപജ്ഞാതാവായ അദ്ദേഹം വിഭാവനം ചെയ്യുന്ന പോംവഴി. മികച്ച വിത്തുകളുടെ ലഭ്യത, മണ്ണ് പരിപാലനം, കീടനിയന്ത്രണം, ജലസേചനം, കൊയ്ത്ത് കഴിഞ്ഞുള്ള പരിരക്ഷ എന്നിവ ഉറപ്പാക്കിയാൽതന്നെ വിവിധയിനം കാർഷികോത്പന്നങ്ങളുടെ വിളവ് രണ്ടുമുതൽ നിലിരട്ടി വരെ വർദ്ധിപ്പിക്കാൻ കഴിയുമെന്നാണ് അദ്ദേഹത്തിന്റെ കണ്ടെത്തൽ. ഉത്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്ന വിപണനവും മഴവെള്ളസംഭരണവും ഈ പാക്കേജിന്റെ പ്രമുഖ്യവശമായിരിക്കണം. വെള്ളത്തിന്റെ ലഭ്യതയാണ് പലേടത്തും ഉത്പാദനക്ഷമതയ്ക്ക് വിലങ്ങുതടി. ആവശ്യമായ സമയത്ത് വേണ്ടത്ര വെള്ളം ലഭ്യമാക്കുന്നതുപോലെ പ്രധാനമാണ് പ്രളയനിയന്ത്രണ നടപടികളും. ഇതെല്ലാം ഉൾക്കൊള്ളുന്ന സമഗ്രമായ ഒരു കർമപദ്ധതിയാണ് ഇപ്പോൾ ആവശ്യം. ഈ വഴിക്ക് കൂടിയാലോചനകളിലൂടെ ഒരു കർമപദ്ധതി ഉടൻതന്നെ തയ്യാറാക്കി കാലതാമസം കൂടാതെ അതു നടപ്പാക്കാൻ കഴിഞ്ഞാൽ, ഒരു പക്ഷേ നമ്മുടെ കാർഷിക മുഖച്ഛായയ്ക്ക് എഴുപതുകളിലേയും എൺപതുകളിലേയും തിളക്കം വീണ്ടെടുക്കാനായേക്കും.